(ബി) ഇവരെ അതിഥികളായി ക്ഷണിക്കുന്നതിനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ദിവസം ഇവർ സംസ്ഥാനത്ത് എവിടെയൊക്കെ താമസിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ താമസം, യാത്ര, ഭക്ഷണം എന്റർടെയിൻമെന്റ് എന്നിവയ്ക്കായി കിൻഫ്രയ്ക്ക് എത്ര രൂപ ചെലവുവന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരുടെ സന്ദർശനം കൊണ്ട് കിൻഫ്ര എന്തൊക്കെ പരിപാടികളായിരുന്നു ആസൂത്രണം ചെയ്തിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിൻഫ്രയുടെ അതിഥികളായി ശ്രീ. ബിബേക് സെബ്രോയ് രണ്ടു ദിവസവും ശ്രീ. ലവീഷ് ഭണ്ഡാരി നാല് ദിവസവും സംസ്ഥാനത്ത് താമസിച്ചിരുന്നു.

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ കഴിഞ്ഞ ഒരു ദശാബ്ദ കാലത്തെപ്പറ്റി ഇവർ നടത്തിയ പഠനങ്ങൾ ഉപപ്രധാനമന്ത്രിയുടെയും സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടേയും മുമ്പാകെ ഡൽഹിയിൽവെച്ച് അവതരിപ്പിച്ചിരുന്നു. പ്രസ്തുത പഠനങ്ങൾ കേരളത്തിലെ നിയമസഭാ സാമാജികരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും മുമ്പാകെ അവതരിപ്പിക്കുന്നത് ഉചിതമാണെന്ന് കരുതിയാണ് ഇവരെ ക്ഷണിച്ചത്.

(സി) കിൻഫ്രയുടെ അതിഥിയായി ഇവർ തിരുവനന്തപുരത്ത് മാത്രമേ താമസിച്ചിട്ടുള്ളൂ.

(ഡി) ഇവരുടെ താമസം, യാത്ര, ഭക്ഷണം എന്നിവയ്ക്കായി കിൻഫ്രയ്ക്ക് ആകെ 76,039.40 രൂപ ചെലവായിട്ടുണ്ട്.

(ഇ) നിയമസഭാ സാമാജികർക്കും ഉയർന്ന ഉദ്യോഗസ്ഥർക്കും വേണ്ടി ഇവർ നടത്തിയ അവതരണമല്ലാതെ കിൻഫ്ര ഇതുമായി ബന്ധപ്പെട്ട് വേറെ പരിപാടിയൊന്നും ആസൂത്രണം ചെയ്തിട്ടില്ല. കിൻഫ്രയുടെ ഓഫീസിൽ വച്ച് കിൻഫ്രയുടെ പ്രവർത്തനങ്ങളെപ്പറ്റി ഇവർക്ക് ഒരു അവതരണം നൽകിയിരുന്നു.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

2 [4853] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി, വയനാട് എന്നീ ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളായാണ് പരിഗണിക്കുന്നത്.

(ബി, സി) വ്യാവസായിക മേഖലയിൽ പിന്നോക്കജില്ലയായി പരിഗണിക്കപ്പെടുന്ന ജില്ലകൾക്കുമാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഈ ജില്ലകളിൽ പുതുതായി വ്യവസായം തുടങ്ങുന്നവർക്ക്, മറ്റ് ജില്ലകളിൽ വ്യവസായം തുടങ്ങുന്നവരെ അപേക്ഷിച്ച് ഉയർന്ന നിരക്കിൽ മൂലധന സബ്സിഡി നൽകുന്നതാണ്. ഈ ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ നിരക്കിലും, ത്രസ്റ്റ് (Thrust) യൂണിറ്റുകളാണെങ്കിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 25 ലക്ഷം രൂപ നിരക്കിലും മൂലധന സബ്സിഡി നൽകുന്നതാണ്. ഇത് മറ്റു ജില്ലകളിൽ 10% പരമാവധി 5 ലക്ഷം രൂപയും ത്രസ്റ്റ് യൂണിറ്റുകൾക്ക് 15% പരമാവധി 15 ലക്ഷം രൂപയുമാണ്.

കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻഫർനാഷണലും തമ്മിലുള്ള ധാരണാപത്രം

3 [4855] ശ്രീ. വി. ബാലറാം:
„ ജോർജ്ജ് ജെ. മാത്യു :
„ തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻഫർനാഷണലും തമ്മിൽ എന്തെങ്കിലും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്പനിയുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്;

(സി) ഇതിൽ കിൻഫ്രയുടെയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇന്റർനാഷണലിന്റേയും മുതൽമുടക്ക് എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻഫർനാഷണലും തമ്മിൽ 27-4-2003-ൽ തിരുവനന്തപുരത്ത് വച്ച് ഒരു ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത ധാരണാപത്രം പ്രകാരം കിൻഫ്രയുടെ കൊച്ചിയിൽ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ടി കമ്പനിയുമായി ചേർന്ന് ഒരു ഐ. റ്റി. സോൺ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly